കെ.എസ്.ആർ.ടി.സി.എടത്വാ ഡിപ്പോ കെട്ടിടം നിർമ്മാണം

302 (3124) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും ഉക അനുവദിച്ച എടത്വാ കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടം നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കരാറുകാരന് എത്ര ഉക അനുവദിച്ചുവെന്നും ഇനി ഏതെല്ലാം വർക്കുകൾ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ധനകാര്യ വകുപ്പ് ഉക അനുവദിച്ച് തന്നിട്ടും സമയബന്ധിതമായി കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കരാറുകാരൻ 21-4-2014-ൽ എഗ്രിമെന്റിൽ ഏർപ്പെട്ടുവെങ്കിലും സ്ഥലത്ത് കെ.എസ്.ഇ.ബി. പോസ്റ്റ് മാറ്റുവാൻ ഉള്ളതിനാൽ ഒരു മാസം കഴിഞ്ഞാണ് പണികൾ ആരംഭിക്കാനായത്. ഉദ്ദേശം 70% പണികൾ പൂർത്തീകരിച്ചതിനെത്തുടർന്ന് കരാറുകാരൻ part payment claim ചെയ്തതിനെത്തുടർന്ന് സർക്കാരിൽനിന്നും 5-5-2015-ൽ ഫണ്ട് അനുവദിച്ച് ഉത്തരവാകുകയും ഉക കോൺട്രാക്ടർക്ക് അനുവദിക്കുകയുമുണ്ടായി.

(ബി) 17,45,392 രൂപ അനുവദിച്ചു. Painting, tile work, fittings എന്നിവ ബാക്കിയുണ്ട്.

(സി) ധനകാര്യവകുപ്പിൽനിന്നും 5-5-2015-ൽ മാത്രമാണ് ഉക അനുവദിച്ചു കിട്ടിയത്. പാർട്ട് ബിൽ കിട്ടുവാൻ വൈകിയതിനാൽ കരാറുകാരൻ പണികൾ നിർത്തിവച്ചിരിക്കുകയായിരുന്നു.

(ഡി) ബാക്കി പണികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് കരാറുകാരന് 6-7-2015-ന് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly